# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.415

## 26-04-2017 ൽ മറുപടിക്ക്

**നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സ് പദ്ധതി**

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ പരിഗണനയ്ക്കായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് മാനവേദൻ ഹൈസ്കൂളിൽ നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സ് എന്ന പദ്ധതി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ നിർദ്ദേശിക്കപ്പെട്ട മതിപ്പുതുക എത്രയെന്ന് വിശദമാക്കാമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനത്തിലെ 126-ാം ഖണ്ഡിക പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി ആകെ 135 കോടി രൂപ 25 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനായി വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 -ാം ഇനമായി നിലമ്പൂർ മിനിസ്റ്റേഡിയത്തിന്റെ നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ മാനവേദൻ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നിലമ്പൂർ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി അപൂർണ്ണമായ പദ്ധതി വിശദാംശങ്ങളാണ് കിഫ്ബിയുടെ വെബ് സൈറ്റിൽ സമർപ്പിച്ചിട്ടുള്ളത്. 17.26 കോടി രൂപയുടെ മതിപ്പ് തുകയാണ് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി മുന്നോട്ട് വച്ചിട്ടുള്ളത്. പദ്ധതി സമർപ്പണം അപൂർണ്ണമായതിനാൽ 2 ാമത്തെ ബോർഡിന്റെ പരിഗണനയ്ക്ക് പദ്ധതി സമർപ്പിച്ചിട്ടില്ല. |

| | |
|---|---|
| (ബി) കിഫ്ബി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ നിർവഹണ ഏജൻസി ഏതുസ്ഥാപനമാണ്; | 8.8.2016 ലെ സ.ഉ. (കൈ) നം. 315/2016/ധന ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി ബന്ധപ്പെട്ട ഭരണ വകുപ്പ് പദ്ധതി നിർവ്വഹണ ഏജൻസി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) യെ കണ്ടെത്തേണ്ടതാണ്. എന്നാൽ നിലമ്പൂർ മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണ പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട ഭരണ വകുപ്പായ സ്പോർട്സും, യുവജന ക്ഷേമ വകുപ്പ് പദ്ധതി നിർവ്വഹണ ഏജൻസിയുടെ വിശദാംശങ്ങളൊന്നും കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. |
| (സി) കിഫ്ബി വഴി സമർപ്പിക്കുന്ന പദ്ധതികളുടെ ഫിസിബിലിറ്റി, ഡിജിറ്റൽ സർവ്വെ, പ്രീ ഡീറ്റെൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നത് ആരാണ്; ഇതിനുള്ള പണം എങ്ങനെയാണ് കണ്ടെത്തേണ്ടതെന്ന് വിശദമാക്കുമോ? | 8.8.2016 ലെ സ.ഉ. (കൈ) നം. 315/2016/ധന ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്, പ്രീ ഫീസിബിലിറ്റി, തുടങ്ങിയ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കേണ്ടത് അതാത് എസ്.പി.വി കളാണ്. ഇതിനുള്ള പണം 3475-00-800-96 (പി.വി) ടെക്നിക്കൽ അസിസ്റ്റൻസ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്നും ഭരണ വകുപ്പ് ധനവകുപ്പിന്റെ അംഗീകാരത്തോടെ അനുവദിക്കാവുന്നതാണ്. ഇതു സംബന്ധിച്ച മാർഗ നിർദ്ദേശം ധന (ഇൻഫ്രാസ്ട്രക്ചർ) വകുപ്പ് പുറപ്പെടുവിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**